**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഗതാഗത നിയമലംഘനങ്ങൾ തടയാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡപകടങ്ങളിൽ ഭൂരിഭാഗവും ഗതാഗത നിയമ ലംഘനം മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | അപകടകരമായ രീതിയിൽ വാഹനം ഓടിക്കുന്നതുൾപ്പെടെയുള്ള ഗതാഗത നിയമ ലംഘനങ്ങൾ കണ്ടുപിടിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉള്ള ക്യാമറ ശൃംഖല പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഇല്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറാ സംവിധാനം പ്രവർത്തനക്ഷമമാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. |
| (സി) | സംസ്ഥാനത്ത് റോഡപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ സുരക്ഷിതമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി ടി സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.<br><br>ദേശിയപാതയിലെ ബ്ലാക്ക് സ്പോർട്ടുകൾ പരിഹരിക്കേണ്ടത് ദേശീയപാത അതോറിറ്റിയും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയവുമാണ്. ആയതിനാൽ ദേശിയപാതയിലെ ബ്ലാക്ക് സ്പോട്ടുകളുടെ ശാശ്വത പരിഹാരത്തിനായി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെയും ദേശീയപാത അതോറിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 98 ബ്ലാക്ക് സ്പോട്ടുകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് റോഡ് സുരക്ഷ ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | വാഹനങ്ങൾ ലൈറ്റ് ഡിം ചെയ്യാതിരിക്കുന്നതും തീവ്രപ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതും അപകടങ്ങൾക്ക് മുഖ്യ കാരണമാകുന്നതിനാൽ അവ കർശനമായി തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഡി) | തീവ്രപ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതിനെതിരെയും വാഹനങ്ങൾ ലൈറ്റ് ഡിം ചെയ്യാതിരിക്കുന്നതു സംബന്ധിച്ചും മോട്ടോർ വാഹന വകുപ്പ് കർശനമായ ചെക്കിംഗ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ 'ഓപ്പറേഷൻ ഫോക്കസ്', |

| | | | |
|---|---|---|---|
| | | | 'ഓപ്പറേഷൻ ആൽഫ' പോലുള്ള പ്രത്യേക പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ